സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

സംഗ്രഹം

2016 ലെ പൊതുസ്ഥലംമാറ്റം - പാർട്ട്ടൈം കഴകം ജീവനക്കാരുടെ ഗ്രൂപ്പ് വിട്ടുള്ള അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി. നമ്പർ.6423/16/മിസ്.3 നന്തൻകോട് , 8 /07/2016.

പരാമർശം :
1. ദേവസ്വം കമ്മീഷണറുടെ 27.5.2016 ലെ ആർ.ഒ.സി. 22/16/ മിസ്.സി നമ്പർ നടപടി ഉത്തരവ്.
2. 14.6.16 ലെ മേൽ നമ്പർ ഉത്തരവ്.
3. ദേവസ്വം കമ്മീഷണറുടെ 23.6.2016 ലെ ആർ.ഒ.സി. 22/16/ മിസ്.സി നമ്പർ റിപ്പോർട്ട്.

ഉത്തരവ്

2016 ലെ പാർട്ട്ടൈം കഴകം ജീവനക്കാരുടെ ഗ്രൂപ്പ് വിട്ടുള്ള സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിനെതിരെ ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകളിന്മേൽ ലഭ്യമാക്കിയ പരാമർശം (3) റിപ്പോർട്ട് പരിശോധിച്ച് അപേക്ഷകൾ ചുവടെ വിവരിക്കും പ്രകാരം തീർപ്പാക്കി ബോർഡുത്തരവാകുന്നു.

ബി.സത്യനാഥക്കുറുപ്പ് , റാന്നി ശാസ്താ ദേവസ്വം, ആറന്മുള ഗ്രൂപ്പ് -

ടിയാൻ ആറന്മുള ഗ്രൂപ്പിലെ റാന്നി ശാസ്താ ദേവസ്വത്തിൽ 10.10.2012 മുതൽ ജോലി നോക്കി വരികയാണെന്നും പൊതുസ്ഥലംമാറ്റത്തിൽ മുണ്ടക്കയം ഗ്രൂപ്പിലേയ്ക്ക് അപേക്ഷ നൽകിയെങ്കിലും സ്ഥലംമാറ്റം ലഭിച്ചില്ലായെന്നുമാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം.

മുണ്ടക്കയം ഗ്രൂപ്പിൽ നിലവിൽ പാർട്ട്ടൈം കഴകത്തിന്റെ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :
1) ദേവസ്വം കമ്മീഷണർ - അറിവിനും നടപടിയ്ക്കും
2) സെക്ഷൻ ഫയൽ
3) ഫയൽ ബുക്ക്
4) ആഫീസ് കോപ്പി

അംഗീകാരത്തോടെ
അസിസ്റ്റന്റ് സെക്രട്ടറി

ROC 22/16/MIS C

Office of the Devaswom Commissioner
18.07.2016

Copy to : 1.Assistant Devaswom Commissioner,Aranmula for information and necessary action.
2. EDP Section
3. Section File

Assistant Devaswom Commissioner
(Establishment Matters)